# ജൂബിലി നഴ്സിംഗ് കോളജിൽ ശിൽപശാല

തൃശൂർ: ജൂബിലി മിഷൻ നഴ്സിംഗ് കോളജിൽ നാക് അംഗീകാരം ലഭിച്ചതിന്റെ ആഘോഷത്തിന്റെ ഭാഗമായി ശിൽപശാലയും നടത്തി. ആശയ ഉത്ഭവവും രൂപീകരണവും എന്ന പേരിലുള്ള ശിൽപശാല ഇന്നൊവേഷൻ സെല്ലാണ് സംഘടിപ്പിച്ചത്.

സെന്റ് സേവ്യർ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ഷീന സേവ്യർ, വെല്ലൂർ സിഎംസി മുൻ ഡയറക്ടർ ഡോ. സുനിൽ ചാണ്ടി എന്നിവർ ക്ലാസുകൾ നയിച്ചു. പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, വൈസ് പ്രിൻസിപ്പൽമാരായ ഡോ. സിസ്റ്റർ ഫിലോരശ്മി, ഡോ. സിസ്റ്റർ ട്രീസ ആന്റോ എന്നിവർ പ്രസംഗിച്ചു. ഇന്നൊവേഷൻ സെൽ കോ-ഓർഡിനേറ്റർമാരായ സീജോ ജേക്കബിന്റെ നേതൃത്വത്തിൽ നടത്തിയ ശിൽപശാലയ്ക്ക് കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിലിന്റെ ആറു മണിക്കൂർ ക്രെഡിറ്റ് അവാർഡ് ലഭിച്ചു.